LIBRARY ARCHIVES Kerala Legislative Assembly

ഏനാമാവ് നെഹ്റു പാർക്കിന്റെ നവീകരണം

140(4150) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ വെങ്കിടങ്ങ് പഞ്ചായത്തിലുള്ള ഏനാമാവ് നെഹ്റു പാർക്കിന്റെ നവീകരണത്തിനായി എത്ര തുകയുടെ ഭരണാനുമതിയാണ് നൽകിയതെന്ന് വെളിപ്പെടുത്തുമോ?

ഏനാമാവ് നെഹ്റു പാർക്കിന്റെ നവീകരണത്തിനായി 98 ലക്ഷം രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്.

(ബി) ജില്ലാ നിർമ്മിതി കേന്ദ്രം മുഖേന പാർക്കിൽ എന്തെല്ലാം നവീകരണ പ്രവൃത്തികളാണ് നടപ്പാക്കുന്നതെന്ന് അറിയിക്കാമോ?

താഴെപ്പറയുന്ന പ്രവൃത്തികളാണ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നത്.

1. പവലിയൻ
2. കഫറ്റേരിയ
3. വാച്ച്മെൻ കൗണ്ടർ
4. ഫെൻസിംഗ്
5. സ്റ്റേജ്
6. പാത്ത് വേ
7. കുട്ടികളുടെ പാർക്ക് നവീകരണം
8. ക്ലോക്ക് റൂം നവീകരണം
9. ടോയ്ലെറ്റ് ബ്ലോക്ക്.

(സി) നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ?

നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി ചുവടെ ചേർക്കുന്നു.

1. പടിപ്പുര, കഫേറ്റേരിയ, പവലിയൻ, വാച്ച്മെൻ ക്യാബിൻ, ടിക്കറ്റ് കൗണ്ടർ എന്നിവയുടെ പ്രവൃത്തികൾ 90 %

LIBRARY ARCHIVES Kerala Legislative Assembly

2. ക്ലോക്ക് റൂം 30%

3. കുട്ടികളുടെ പാർക്ക് നവീകരണം 40%

4.ടോയ്ലെറ്റ് ബ്ലോക്ക് 50%

5. ഫെൻസിംഗ്, സ്റ്റേജ് പാത്ത് വേ എന്നിവ 90% പൂർത്തിയായിവരുന്നു.

(ഡി) പ്രസ്തുത പ്രവൃത്തികൾ എന്നാണ് ആരംഭിച്ചതെന്നും കരാർ പ്രകാരം എന്നാണ് പ്രവൃത്തികൾ പൂർത്തീകരിക്കേണ്ടതെന്നും വ്യക്തമാക്കാമോ?

നിർമ്മാണ ഏജൻസിയായ ജില്ലാ നിർമ്മിതി കേന്ദ്രവുമായി ഡി.റ്റി.പി.സി. 24-1-2021-നാണ് കരാർ ഒപ്പുവച്ചത്. അന്നുമുതൽ 10 മാസത്തിനുള്ളിൽ പദ്ധതി പൂർത്തീകരിക്കണമെന്നാണ് കരാർ ഉടമ്പടി.

(ഇ) സർക്കാരിന്റെ നൂറുദിന കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തി പാർക്കിന്റെ നിർമ്മാണം പൂർത്തീകരിക്കാൻ ആവശ്യമായ നടപടി എടുക്കുമോ; വിശദാംശങ്ങൾ നൽകാമോ?

സർക്കാരിന്റെ നൂറുദിന പരിപാടിയുമായി ബന്ധപ്പെട്ട് ഉദ്ഘാടനം ചെയ്യുന്ന പദ്ധതികളിൽ ഏനാമാവ് നെഹ്റു പാർക്ക് ഉൾപ്പെടുത്തി പ്രവൃത്തികൾ പുരോഗമിക്കുന്നു.

ചിമ്മിനി ഡാം ഗാർഡൻ

141(4151) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിൽപ്പെട്ട ചിമ്മിനി ഡാമിനോട് ചേർന്ന് ഇറിഗേഷൻ വകുപ്പിന്റെ സ്ഥലത്ത്, നിലവിലുള്ള ഗാർഡൻ മനോഹരമാക്കുന്നതിനും കൂടുതൽ വിനോദസഞ്ചാരികളെ ആകർഷിക്കുന്ന തരത്തിൽ അടിസ്ഥാനസൗകര്യ വികസനങ്ങൾ ഒരുക്കുന്നതിനും ടൂറിസം വകുപ്പ് മുൻകയ്യെടുത്ത് നടപടി സ്വീകരിക്കുമോ?

ഇറിഗേഷൻ വകുപ്പിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് അടിസ്ഥാന സൗകര്യവികസന സാദ്ധ്യത പരിശോധിക്കാവുന്നതാണ്.